**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 122** **19-01-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യിൽ സ്വയംപര്യാപ്ത പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . കെ . ശശി ,<br>ശ്രീ. രാജു എബ്രഹാം,<br>ശ്രീ. ബി. ഡി. ദേവസ്സി ,<br>ശ്രീ. എസ്. രാജേന്ദ്രൻ | | Shri. A. K. Saseendran<br>(ഗതാഗത വകുപ്പുമന്ത്രി) | |
| (എ) | കോവിഡ് സൃഷ്ടിച്ച സ്തംഭനാവസ്ഥയെ മറികടക്കാൻ കെ.എസ്.ആർ.ടി.സി.യ്ക്കായിട്ടുണ്ടോ; പ്രതിമാസ വരുമാനം പൂർവസ്ഥിതിയിലേക്കെത്തിക്കാൻ ഓപ്പറേഷൻ രീതിയിലെ വൈവിധ്യം സഹായകരമായിട്ടുണ്ടോ; | (എ) | കോവിഡ് സൃഷ്ടിച്ച സ്തംഭനാവസ്ഥയെ പൂർണ്ണമായി മറികടക്കാൻ കെ.എസ്.ആർ.ടി.സി.-ക്ക് ആയിട്ടില്ല. എന്നിരുന്നാലും കോവിഡ് കാലത്ത് വരുമാനം മെച്ചപ്പെടുത്താൻ ഓപ്പറേഷൻ രീതിയിലെ വൈവിധ്യം സഹായകരമായിട്ടുണ്ട്. |
| (ബി) | പ്രസ്തുത സ്ഥാപനത്തെ പ്രതിസന്ധിയിൽ നിന്ന് കരകയറ്റി സ്വയം പര്യാപ്തമാക്കുന്നതിന് പാക്കേജ് പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി.-യെ സംരക്ഷിക്കുന്ന തിന്റെ ഭാഗമായി നിർദ്ദേശങ്ങൾ സമർപ്പിക്കാൻ പ്രൊഫ. സുശീൽഖന്നയെ ചുമതലപ്പെടുത്തുകയും അദ്ദേഹം റിപ്പോർട്ട് 27.02.2019-ൽ സമർപ്പിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ ബഹു.മുഖ്യമന്ത്രി യുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം ചർച്ച ചെയ്യുകയും പ്രഥമ പാക്കേജ് അംഗീകരിക്കുകയും ചെയ്തു. അതിലെ പ്രധാനപ്പെട്ട നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു. 1. കെ.എസ്.ആർ.ടി.സി.-യെ മൂന്ന് ലാഭ കേന്ദ്രങ്ങളായി വിഭജിക്കാൻ റിപ്പോർട്ടിൽ ശിപാർശ ചെയ്തിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി.-യെ മൂന്ന് സോണുകളാക്കി വിഭജിക്കുകയും സോണുകൾക്ക് കൂടുതൽ അധികാരങ്ങൾ നൽകാനുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 2. വർക്ക്ഷോപ്പുകൾ നവീകരിക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ബഡ്ജറ്റ് വിഹിതം ഉൾപ്പെടുത്തുകയും ആയതിന്റെ പ്രവർത്തനങ്ങൾ നടത്തി വരികയും ചെയ്യുന്നു. 3. കെ.എസ്.ആർ.ടി.സി.യിൽ മിഡിൽ മാനേജ്മെന്റിലും ഹയർ മാനേജ്മെന്റിലും പ്രൊഫഷണലുകളെ നിയമിക്കണമെന്ന നിർദ്ദേശപ്രകാരം അക്കൗണ്ട്സ് വിഭാഗത്തിൽ CA/ICWA യോഗ്യതയുള്ളവരെയും ഓപ്പറേഷൻ |

| | | | |
|---|---|---|---|
| | | | വിഭാഗത്തിൽ മാനേജ്മെന്റ് വിദഗ്ദൻമാരെയും നിയമിക്കുകയുണ്ടായി. 4. ഡയറക്ടർ ബോർഡിൽ ഗതാഗത രംഗത്തെ വിദഗ്ദ്ധരെ നിയമിക്കണമെന്ന നിർദ്ദേശപ്രകാരം രണ്ട് വിദഗ്ദ്ധരെ ഉൾപ്പെടുത്തി ബോർഡ് പുനസംഘടിപ്പിച്ചിട്ടുണ്ട്. (Central Transport Reasearch Institute-ന്റെ ഡയറക്ടർ, ഗതാഗത വിദഗ്ദ്ധൻ ശ്രീ.ഇളങ്കോവൻ എന്നിവരെ) 15.10.2020-ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന റിവ്യൂ യോഗത്തിൽ കെ.എസ്.ആർ.ടി.സി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. -യുടെ പുനരുദ്ധാരണം സംബന്ധിച്ച് ചില നിർദ്ദേശങ്ങൾ സമർപ്പിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ബസ് സ്റ്റാഫ് അനുപാതം കുറയ്ക്കണമെന്നും കെ.എസ്.ആർ.ടി.സി.യെ സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും കിഫ്ബിയുടെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ടും നാലാമത് ലാഭകേന്ദ്ര മായി K.S.R.T.C SWIFT എന്ന SPV രൂപീകരിക്കാനുള്ള നിർദ്ദേശം വിശകലനം ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. അതിനായി ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി, ഗതാഗത പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറി, കെ.റ്റി.ഡി.എഫ്.സി..സി.എം.ഡി., കെ.എസ്.ആർ.ടി.സി. സി.എം.ഡി എന്നിവർ അംഗങ്ങളായി ഒരു കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റിയുടെ പ്രഥമ യോഗത്തിന്റെ യോഗ നടപടിക്കുറിപ്പ് ഗതാഗത വകുപ്പ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ജീവനക്കാർക്ക് 1500 രൂപ ഇടക്കാലാശ്വാസം നൽകുവാനും ശമ്പള പരിഷ്കരണം നടപ്പിലാക്കാനും തത്വത്തിൽ അംഗീകരിക്കുകയും 1500 രൂപ ഇടക്കാലാശ്വാസമായി 2020 നവംബർ മുതൽ നൽകി വരുകയും ചെയ്യുന്നു. |
| (സി) | പെർമിറ്റില്ലാതെ സ്വകാര്യ വാഹന ഓപ്പറേറ്റർമാർക്ക് ഏതു റൂട്ടിലും വാഹനമോടിക്കാൻ അനുമതി നൽകിയ കേന്ദ്ര നിയമ ഭേദഗതി കെ.എസ്.ആർ.ടി.സി.യുടെ പ്രതിസന്ധി മൂർഛിപ്പിക്കാൻ വഴിവയ്ക്കുമെന്നതിനാൽ ഇക്കാര്യത്തിൽ സ്വീകരിക്കാൻ കഴിയുന്ന പോംവഴിയെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; | (സി) | നിയമ ഭേദഗതിയോടുള്ള സംസ്ഥാന സർക്കാരിന്റെ എതിർപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേന്ദ്ര ഗതാഗത വകുപ്പുമന്ത്രിയെ നേരിൽ കണ്ട് സംസ്ഥാന ത്തിന്റെ പ്രതിഷേധം അറിയിച്ചിട്ടുണ്ട്. |
| (ഡി) | പൊതുമേഖല വിരുദ്ധ മുതലാളിത്ത പ്രീണന നടപടി പിൻവലിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടാൻ കഴിയുമോ എന്നറിയിക്കാമോ? | (ഡി) | നിയമ ഭേദഗതിയോടുള്ള സംസ്ഥാന സർക്കാരിന്റെ എതിർപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ